# കേരള സർവകലാശാല

നം.പി.ആർ.66/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ

2019 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 2 മുതൽ 5 വരെ അതതു പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന സെപ്റ്റംബർ 2018 സെഷൻ പാർട്ട് ഒന്നും രണ്ടും (ആന്വൽ) ബി.കോം സപ്ലിമെന്ററി പരീക്ഷയ്ക്ക് (പ്രൈവറ്റ്) മാർ ഇവാനിയോസ് കോളേജ് സെന്ററായി അപേക്ഷിച്ചവർ മഹാത്മാഗാന്ധി കോളേജ്, പരുത്തിപ്പാറ തിരുവനന്തപുരം സെന്ററിലും ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം സെന്ററായി അപേക്ഷിച്ചവർ റ്റി.കെ.എം ആർട്സ് ആന്റ് സയൻസ് കൊല്ലം സെന്ററിലും പരീക്ഷ എഴുതേണ്ടതാണ്.

## മാർക്ക് അപ്‌ലോഡ് – തീയതി നീട്ടി

2018 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം ഡിഗ്രി പരീക്ഷകളുടെ ഓപ്പൺ കോഴ്സ് മാർക്ക് കോളേജുകളിൽ നിന്ന് ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നത് നിർബന്ധമല്ല എന്നാൽ എല്ലാ കോളേജുകളും, ബന്ധപ്പെട്ട എല്ലാ മാർക്ക്ഷീറ്റുകളും ഏപ്രിൽ 3 നകം സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

## ടൈംടേബിൾ

യുവജനോത്സവം പ്രമാണിച്ച് 2019 മാർച്ച് 25 മുതൽ 29 വരെ മാറ്റി വെച്ച പരീക്ഷകളുടെ പുനഃക്രമീകരിച്ച പരീക്ഷാതീയതികൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മാർച്ച് 25 ന് നടത്താനിരുന്ന രണ്ടാം വർഷ ബി.ഫാം (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഏപ്രിൽ 17 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മാർച്ച് 29 ന് നടത്താനിരുന്ന ഒന്നാം വർഷ ബി.കോം/ബി.എ അഫ്സൽ – ഉൽ – ഉലാമ (ആന്വൽ സ്കീം – പാർട്ട് I – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഏപ്രിൽ 2 നും അവസാന വർഷ ബി.ഫാം (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഏപ്രിൽ 16 നും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മാർച്ച് 25 മുതൽ 29 വരെ മാറ്റിവച്ച രണ്ടാം സെമസ്റ്റർ, നാലാം സെമസ്റ്റർ എം.എഡ് ഡിഗ്രി പരീക്ഷകളുടെ പുനഃക്രമീകരിച്ച ടൈംടേബിൾ വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം/ഫുൾ ടൈം), മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) 2008 സ്കീം – അഡീഷണൽ/മേഴ്സി ചാൻസ്, മാർച്ച് 2019 മാറ്റി വെച്ച പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ. കോളേജ് ഓഫ് എഞ്ചിനീയറിംഗ് പരീക്ഷാകേന്ദ്രമായി അനുവദിച്ചിരിക്കുന്നു.

ഏപ്രിൽ 8 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ജ്യോഗ്രഫി (മേഴ്സി ചാൻസ്) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ഏപ്രിൽ 2, 3 തീയതികളിൽ നടക്കുന്ന നാലാം സെമസ്റ്റർ ബി.എഡ് ഡിഗ്രി ഓൺലൈൻ പരീക്ഷ (റെഗുലർ/സപ്ലിമെന്ററി – 2015 സ്കീം) ന്റെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 നവംബറിൽ നടത്തിയ മൂന്നാം വർഷ എം.ബി.ബി.എസ്, പാർട്ട് – II (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 17 വരെ അപേക്ഷിക്കാം.

## ക്ലാസ് ഇല്ല

വിദൂര വിദ്യാഭ്യാസ വിഭാഗം കാര്യവട്ടം കാമ്പസിൽ നടത്തിവരുന്ന എല്ലാ ക്ലാസുകളും 30, 31 തീയതികളിൽ ഉണ്ടായിരിക്കുന്നതല്ല. മറ്റ് കേന്ദ്രങ്ങളിലെ ക്ലാസുകൾക്ക് മാറ്റമില്ല.

## പിഎച്ച്.ഡി നൽകി

രശ്മി ജി നായർ (ഫിസിക്സ്), ബോസ്കോ ലോറൻസ്, രാഗേഷ് ആർ നായർ (ബോട്ടണി), വിനോദ് പി, മീര ഡി, രജിത ബി.റ്റി (സുവോളജി), പ്രശാന്ത് നാരായൺ (ബയോടെക്നോളജി), മസൂദ് മഹ്ദിസാദേഹ്, ജിഷ പി.ആർ, എയ്ഞ്ചൽ തോമസ് (സൈക്കോളജി), ശ്രീലക്ഷ്മി പിള്ള ജി (സിവിൽ എഞ്ചിനീയറിംഗ്), കീർത്തി എ.റ്റി (എൻവയോൺമെന്റൽ സയൻസസ്), മിനി വി (മലയാളം), സ്മിത പാവിയാനോസ് (ഇക്കണോമിക്സ്), ഷീബ എ, ഹിമ പി.എം (എഡ്യൂക്കേഷൻ), പ്രിജി എൽ.പി (കൊമേഴ്സ്), ഡോ.ജയൻ എസ് (മെഡിസിൻ), സുമ എം.എസ് (ഹിന്ദി), സുവർണ്ണ.എം (ലിംഗ്വിസ്റ്റിക്സ്) എന്നിവർക്ക് പിഎച്ച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

# സെമിനാർ സംഘടിപ്പിച്ചു

കൊമേഴ്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ "വ്യാപാര യുദ്ധം - സ്വതന്ത്ര വ്യാപാര ക്രമത്തെ ബാധിക്കുമോ?" എന്ന വിഷയത്തിൽ ത്രിദിന ഇന്റർനാഷണൽ സെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത സെമിനാർ ബഹു.വൈസ് ചാൻസലർ പ്രൊഫ.വി.പി മഹാദേവൻപിളള ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് മെമ്പർ ഡോ.പി രാജേഷ്കുമാർ കോൺഫറൻസ് ജേണലിന്റെ ആദ്യ പകർപ്പ് ബഹു.വൈസ് ചാൻസലറിന് കൈമാറി. വ്യാപാര രംഗത്തെ കുറിച്ച് ഡോ.പി രാജേഷ് കുമാർ സംസാരിച്ചു. പ്രൊഫ.എസ് റസിയ ബീഗം സ്വാഗതം ആശംസിച്ചു. പ്രൊഫ.ഗബ്രിയേൽ സൈമൺ തട്ടിൽ നന്ദി പ്രകാശിപ്പിച്ചു.

തിരുവനന്തപുരം,
28-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098